LIBRARY ARCHIVES Kerala Legislative Assembly

ഇ. എസ്. ഐ. നിയമം ബാധകമാക്കൽ

70 [2197] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ കല്ലറ, കുറ്റിമൂട്, കാരേറ്റ് എന്നീ പ്രദേശങ്ങളിലെ കശുവണ്ടി ഫാക്ടറികളിലും മറ്റു വ്യവസായ സ്ഥാപനങ്ങളിലും ഇ.എസ്.ഐ. നിയമം നടപ്പിലാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

കല്ലറ, കുറ്റിമൂട്, കാരേറ്റ് എന്നീ പ്രദേശങ്ങളുടെ സമീപത്ത് ഇ.എസ്.ഐ. ഡിസ്പെൻസറികളില്ലാത്തതിനാലാണ് പ്രസ്തുത പ്രദേശങ്ങളിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. നിയമം നടപ്പിലാക്കുവാൻ കഴിയാത്തത്. പുതിയ ഡിസ്പെൻസറി സ്ഥാപിക്കുവാൻ ഇ.എസ്.ഐ. നോംസ് പ്രകാരം മതിയായ തൊഴിലാളികൾ നിലവിലില്ല. ആയതിനാൽ മറ്റേതെങ്കിലും ഡിസ്പെൻസറി പ്രസ്തുത പ്രദേശത്തേക്കോ മറ്റേതെങ്കിലും പ്രദേശത്തോ മാറ്റി സ്ഥാപിച്ച് ടി തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കുമോയെന്ന് പരിശോധിച്ചുവരുന്നു.

ഇ. എസ്. ഐ. പദ്ധതി പ്രകാരമുള്ള ചികിൽസാ ക്ലെയിം കുടിശ്ശിക നൽകാൻ നടപടി

71 [2198] ശ്രീ. എ. കെ. ബാലൻ:
,, കെ. കെ. ജയചന്ദ്രൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ.എസ്.ഐ. പദ്ധതിപ്രകാരം എത്ര കോടി രൂപയുടെ ചികിൽസാ ക്ലെയിമുകൾ തൊഴിലാളികൾക്കു നൽകുവാൻ കുടിശ്ശികയായിട്ടുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ?

ഉത്തരം

31-3-2004 വരെ 5,46,03,975 (അഞ്ച് കോടി നാൽപത്തിയാറ് ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ചുരൂപ) രൂപയുടെ ചികിൽസാ ക്ലെയിമുകൾ കുടിശ്ശികയായിട്ടുണ്ട്. ഈ കുടിശ്ശിക തീർക്കുന്നതിനായി ഈ വർഷം 7 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

വ്യവസായ പരിശീലന വകുപ്പിലെ ഒഴിവുകളും പ്രമോഷനുകളും

72 [2199] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന വകുപ്പിൽ 2002 സെപ്തംബർ മുതൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, പ്രിൻസിപ്പൽ (ഗ്രേഡ്-1, ഗ്രേഡ്-2) എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പിലെ അർഹരായ ഉദ്യോഗസ്ഥർക്ക് പ്രമോഷൻ നൽകി പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം ഇൻസ്ട്രക്ടർ തസ്തികയിൽ 1:1 എന്ന അനുപാത പ്രമോഷൻ കഴിഞ്ഞ നാലു വർഷമായി തടയപ്പെട്ടിട്ടുള്ളതിന്റെ കാരണം അറിയിക്കുമോ;

(ഡി) ഈ അനുപാതത്തിൽ അടിയന്തിരമായി പ്രമോഷൻ നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനു നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി—ഡി) വ്യാവസായിക പരിശീലന വകുപ്പിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയുടെ ഫീഡർ കാറ്റഗറിയാണ് സീനിയർ ഇൻസ്ട്രക്ടർ തസ്തിക. 19-11-2003-ലെ സർക്കാർ ഉത്തരവ് (സാ. ധാ.) 34/03/പി. ആന്റ് എ.ആർ.ഡി. പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ 65 ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികകൾ നിർത്തലാക്കുകയും, ഇവ അധിക തസ്തികയായി നിലനിർത്തുന്നതിനും സർക്കാർ അനുവദിക്കുകയും ചെയ്തു. ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടാകുന്ന 65 ഒഴിവുകളിൽ പുനഃക്രമീകരണം വരുന്നതിനാൽ ടി തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകാൻ കഴിയാതെ വരുന്നു.

ഐ.ടി.ഐ.-കൾക്ക് മെഷീനുകൾ

73 [2200] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

„ രാജു എബ്രഹാം:

„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര ഐ.ടി.സി.-കൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ലോകബാങ്ക് പദ്ധതി പ്രകാരം സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ സ്ഥാപിച്ച മെഷിനറികൾ ഏതെല്ലാമാണെന്നും അവ ഏതെല്ലാം ഐ.ടി.ഐ.-കളിൽ സ്ഥാപിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) സ്ഥാപിച്ച മെഷിനറികൾ പലതും പ്രവർത്തന യോഗ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൈക്കൊണ്ട നടപടി വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly